**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1509** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഭൂമി തരംമാറ്റുന്നതിനുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ജനങ്ങൾ അനുഭവിക്കുന്ന ദുരിതം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഭൂമി തരം മാറ്റം അപേക്ഷകളുടെ, അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കികൊണ്ട് 22/02/2022-ലെ സ.ഉ.(കൈ)നം.56/2022/RD ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രത്യേക കർമ്മ പരിപാടികൾ സ്വീകരിച്ച വരുന്നുണ്ട്. ആയതു ചുവടെ ചേർത്തിട്ടുള്ളത് പ്രകാരമാണ്. * 6 മാസത്തേക്ക്, വിവിധ റവന്യൂ ഓഫീസുകളിലേക്കായി ജൂനിയർ സൂപ്രണ്ട്, ക്ലാർക്ക്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, സർവ്വെയർ എന്നിങ്ങനെ 990 താൽക്കാലിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. * അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായുള്ള ഐ.ടി അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 5,99,93,000/-രൂപ (അഞ്ച് കോടി തൊണ്ണൂറ്റൊൻപത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപ) അനുവദിച്ചിട്ടുണ്ട്. * ഭൂമി തരം മാറ്റ അപേക്ഷകൾ, വേഗത്തിൽ തീർപ്പാക്കുന്നതിന് , ഫീൽഡ് പരിശോധനക്കായി, 6 മാസത്തേക്ക്, നൂറിൽ കൂടുതൽ അപേക്ഷകൾ അവശേഷിക്കുന്ന അറുന്നൂറ്റി എൺപത് വില്ലേജുകളിൽ , 2 വില്ലേജുകളിൽ ഒരു വാഹനം എന്ന രീതിയിൽ, 340 വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നതിനും 22/02/2022-ലെ സ.ഉ.(കൈ)നം.56/2022/RD പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. *ഭൂമി തരം മാറ്റത്തിനായുള്ള അപേക്ഷകൾ സമർപ്പിക്കുന്നത് ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറ്റി. * ഭൂമി തരം മാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ ഉണ്ടായേക്കാവുന്ന ആശയക്കുഴപ്പങ്ങൾ പരിഹരിക്കുന്നതിനും, സംസ്ഥാനത്തെല്ലായിടത്തും ഒരേ രീതിയിൽ അപേക്ഷകൾ കൈകാര്യം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനുമായി, സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. *തീർപ്പാക്കാതെ ശേഷിക്കുന്ന അപേക്ഷകൾ, 6 മാസത്തിനകം തീർപ്പാക്കുന്നതിന്, ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും, റവന്യൂ ഡിവിഷണൽ ഓഫീസിലേയും മറ്റ് ഓഫീസുകളിലേയും അപേക്ഷ തീർപ്പാക്കൽ പുരോഗതി വിലയിരുത്തുന്നതിനു ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ പ്രത്യേക സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. |
| (ബി) | ഭൂമി തരംമാറ്റത്തിന് ഓൺലൈൻ വഴി അപേക്ഷ സ്വീകരിക്കുന്നുണ്ടെങ്കിലും കൃഷി ഓഫീസിൽ നിന്നും വില്ലേജ് ഓഫീസിൽ നിന്നുമുള്ള റിപ്പോർട്ടുകൾ കൂടി അപ് ലോഡ് ചെയ്താൽ മാത്രമേ ഓൺലൈൻ അപേക്ഷ സമർപ്പിക്കാൻ കഴിയുള്ളു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാരണത്താൽ അപേക്ഷകൾ നേരിട്ട് സമർപ്പിക്കേണ്ട അവസ്ഥയാണ് സംജാതമായിരിക്കുന്നത് എന്ന കാര്യം സർക്കാർ പരിശോധിക്കുമോ; | (ബി) | ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷകൾ ഓൺലൈൻ ആയി നൽകുമ്പോൾ i) ടാക്സ് രസീത്, ii) പൊസഷൻ സർട്ടിഫിക്കറ്റ് iii) ആധാരത്തിന്റെ പകർപ്പ്, iv) സർവേ സ്കെച്ച്, v) റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവിന്റെ പകർപ്പ്, vi) ഡാറ്റ ബാങ്കിൽ ഉൾപെട്ടിട്ടില്ല എന്ന അഗ്രിക്കൾച്ചർ ഓഫീസറുടെ സർട്ടിഫിക്കറ്റ്, vii) ബിൽഡിംഗ് പ്ലാൻ, viii) സത്യവാങ്മൂലം ix) മറ്റു രേഖകൾ എന്നിങ്ങനെ 9 തരം ഡോക്യുമെന്റുകൾ അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യാവുന്നതാണ്. എന്നാൽ ഈ ഡോക്യുമെന്റുകളിൽ ആദ്യത്തെ മൂന്ന് ഡോക്യുമെന്റുകളായ ടാക്സ് രസീത്, പൊസഷൻ സർട്ടിഫിക്കറ്റ്, ആധാരത്തിന്റെ പകർപ്പ് എന്നിവ മാത്രമാണ് അപേക്ഷയോടൊപ്പം നിർബന്ധിതമാക്കിയിരിക്കുന്നത്. മറ്റ് ഡോക്യുമെന്റുകൾ ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകളിന്മേൽ വേഗത്തിൽ നടപടി കൈക്കൊള്ളുന്നതിന്, സഹായകരമാകുമെന്നതിനാലാണ് അപ്ലോഡ് ചെയ്യുന്നതിനുള്ള ഓപ്ഷൻ നൽകിയിരിക്കുന്നത്. ടി രേഖകൾ അപേക്ഷകന്റെ കൈവശം ഉണ്ടെങ്കിൽ മാത്രം അപ്ലോഡ് ചെയ്താൽ മതിയാകും. അതിനാൽ കൃഷി ഓഫീസിൽ നിന്നും വില്ലേജ് ഓഫീസിൽ നിന്നുമുള്ള റിപ്പോർട്ടുകൾ അപ്ലോഡ് ചെയ്യാതെ തന്നെ ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുവാൻ സാധിക്കുന്നതാണ്. |
| (സി) | വില്ലേജ് ഓഫീസുകളിൽ റിപ്പോർട്ടിനായി ജനങ്ങൾ കയറിയിറങ്ങേണ്ടി വരുന്ന അവസ്ഥ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അപേക്ഷ ഓൺലൈൻ ആയി സമർപ്പിച്ചാൽ, നടപടി പൂർത്തിയാകുമ്പോൾ റവന്യൂ ഡിവിഷണൽ ഓഫീസിൽ നിന്ന് നേരിട്ട് അപേക്ഷകന് വിവരം ലഭ്യമാകും. എന്നാൽ ഓൺലൈൻ മുഖേനയല്ലാതെ അപേക്ഷ സമർപ്പിച്ചിരുന്ന അവസരത്തിൽ, റവന്യൂ |

| | | | |
|---|---|---|---|
| | | | ഡിവിഷണൽ ഓഫീസിൽ നിന്ന് റിപ്പോർട്ടിന് വില്ലേജ് ഓഫീസിലേക്ക് അപേക്ഷ അയക്കുകയും, വില്ലേജിൽ നിന്ന് റിപ്പോർട്ട് റവന്യൂ ഡിവിഷണൽ ഓഫീസിലേക്ക് അയക്കുകയുമാണ് ചെയ്തു വന്നിരുന്നത്. എന്നാൽ അനിയന്ത്രിതമായ ജോലിത്തിരക്ക് മൂലം, വില്ലേജ് ഓഫീസുകളിൽ നിന്ന് യഥാ സമയം റവന്യൂ ഡിവിഷണൽ ഓഫീസിലേക്ക് റിപ്പോർട്ട് അയയ്ക്കാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ, ജനങ്ങൾ വില്ലേജ് ഓഫീസിൽ നേരിട്ട് എത്തുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടാകാം. എന്നാൽ, നടപടികൾ ഓൺലൈൻ ആക്കുകയും, ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദേശങ്ങൾ നല്കികൊണ്ട് 22/02/2022-ലെ സ.ഉ.(കൈ)നം.56/2022/RD ഉത്തരവ് പ്രകാരം, അപേക്ഷകൾ തീർപ്പാക്കുന്നതിന്, താല്കാലിക അടിസ്ഥാനത്തിൽ, കൂടുതൽ ജീവനക്കാരെ നിയമിക്കുകയും വാഹനങ്ങൾ നല്കുകയും ചെയ്തിട്ടുള്ളതിനാൽ, ഈ പ്രശ്നം ഒരു പരിധിവരെ ഇല്ലാതാക്കാൻ സാധിക്കുന്നതാണ്. |
| (ഡി) | നെൽവയൽ തണ്ണീർത്തട നിയമപ്രകാരം ഭൂമി തരംമാറ്റത്തിന് എത്ര തരം അപേക്ഷകളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ? | (ഡി) | ഡേറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയതുമായ 'വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി' യുടെ തരം മാറ്റുന്നതിന്, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. പ്രസ്തുത അപേക്ഷകൾ, 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ, നിഷ്കർഷിച്ചിട്ടുള്ള പ്രകാരം, വിവിധ ഫോറങ്ങളിലാണ് സമർപ്പിക്കേണ്ടത്. 50 സെന്റ് വരെ വിസ്തൃതിയുള്ള ഭൂമി തരം മാറ്റുന്നതിന് ഫോറം -6 ലും, 50 സെന്റിന് മുകളിൽ വിസ്തൃതിയുള്ള ഭൂമി തരം മാറ്റുന്നതിന് ഫോറം -7 ലും, 1967 ജൂലൈ 4-ന് മുമ്പ് തരം മാറ്റപ്പെട്ടത് സംബന്ധിച്ച് രേഖകൾ ഹാജരാക്കുന്ന അപേക്ഷകൾ ഫോറം-9 ലുമാണ് റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ സമർപ്പിക്കേണ്ടത്. ഇത് കൂടാതെ 1967-ലെ ഭൂവിനിയോഗ ഉത്തരവ് പ്രകാരം വീട് വയ്ക്കാനോ മറ്റാവശ്യങ്ങൾക്കോ നിലം പരിവർത്തനപ്പെടുത്താൻ അനുമതി ലഭിച്ച ഭൂമിക്ക് ഫീസിന്റെ 25% അടവ് വരുത്തി സ്വഭാവ വ്യതിയാനത്തിന് അപേക്ഷിക്കാവുന്നതാണ്. തുടർന്ന് വില്ലേജ് ഓഫീസർ/കൃഷി ഓഫീസർ മുഖാന്തിരം അന്വേഷണം നടത്തിയും, ആവശ്യമെന്നു കാണുന്ന പക്ഷം, നേരിട്ടു സ്ഥല പരിശോധന നടത്തിയും, കെ.എസ്.ആർ.ഇ.സി-യുടെ റിപ്പോർട്ട് ലഭ്യമാക്കിയും, രേഖകൾ പരിശോധിച്ചും ആർ.ഡി.ഒ |

| | | | |
|---|---|---|---|
| | | | ഉത്തരവ് പുറപ്പെടുവിക്കുന്നു . ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ട ഭൂമി ഒഴിവാക്കുന്നതിനായി/ ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നത് സംബന്ധിച്ച അപേക്ഷ, ഫോറം-5 ലാണ് റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ സമർപ്പിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉത്തരവാകുന്നത് - സംബന്ധിച്ച്**

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(കൈ) നം.56/2022/RD തീയതി,തിരുവനന്തപുരം, 22-02-2022

---

പരാമർശം:- ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ പ്രൊപ്പോസൽ

**<u>ഉത്തരവ്</u>**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത്, നിലവിൽ 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി 1,12,539 അപേക്ഷകൾ തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്. 25 സെന്റ് വരെ വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റം, സൗജന്യ നിരക്കിൽ അനുവദിച്ചുകൊണ്ട്, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ വന്നിട്ടുള്ള ഭേദഗതിയുടെ അടിസ്ഥാനത്തിലും, സംസ്ഥാനത്ത് ഭൂമിയുടെ കരം അടവ് പൂർണ്ണമായും ഓൺലൈൻ ആക്കി മാറ്റിയതിനാൽ കരം രസീതിയിലൂടെ ഭൂമിയുടെ തരം മനസ്സിലാക്കുവാൻ കഴിഞ്ഞതിനാലും, തരം മാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, ഭൂമി തരം മാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി കൈക്കൊള്ളേണ്ടുന്ന തീരുമാനം സംബന്ധിച്ച്, പരാമർശ പ്രകാരമുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, തരം മാറ്റത്തിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ, മന്ത്രിസഭായോഗ തീരുമാനത്തിന്റെ സാധൂകരണത്തിന് വിധേയമായി ഉത്തരവാകുന്നു.

1) ജൂനിയർ സൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽ നിന്നും താത്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും, ക്ലാർക്ക്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ, എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചു

കൊണ്ടും, 990 താത്ക്കാലിക തസ്തികകൾ 6 മാസത്തേക്ക് ചുവടെ ചേർത്ത പ്രകാരം സൃഷ്ടിച്ച് ഉത്തരവാകുന്നു.

a) 5000 - ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 1 ജൂനിയർ സൂപ്രണ്ട്, 4 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

b) 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 1 ജൂനിയർ സൂപ്രണ്ട്, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

c) 1000 - 2000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന 5 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

d) 5000 - ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും , 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും, പരിധിയിൽ വരുന്ന 51 താലൂക്കുകളിൽ, 1 ക്ലാർക്ക്, 3 സർവ്വേയർ.

e) അപേക്ഷകളുടെ എണ്ണം 100-ന് മുകളിൽ വരുന്ന വില്ലേജുകളിൽ, ഭൂമിയുടെ തരം മാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി, ഒരു ക്ലാർക്ക്.

2) 1000-ൽ താഴെ അപേക്ഷകൾ നിലനിൽക്കുന്ന 4 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, നിലവിലുള്ള സ്റ്റാഫിന് പുറമേ, വകുപ്പിനുള്ളിൽ നിന്നു തന്നെ അധിക ജീവനക്കാരെ നിയമിച്ച് അപേക്ഷ തീർപ്പാക്കേണ്ടതാണ്.

3) ഫീൽഡ് പരിശോധനക്കായി 2 വില്ലേജുകളിൽ ഒരു വാഹനം എന്ന നിലയ്ക്ക് 6 മാസത്തേയ്ക്ക് വാടകയ്ക്ക് വാഹനസൗകര്യം അനുവദിച്ച് ഉത്തരവാകുന്നു. (വാഹനം :- എണ്ണം - 340, മാസവാടക - 35,000/- രൂപ)

4) അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായുള്ള ഐ.റ്റി അനുബന്ധ സൗകര്യങ്ങൾക്ക് വേണ്ടുന്ന ഉപകരണങ്ങളായ, കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ എന്നിവയ്ക്ക് ആകെ 5,99,93,000/- രൂപ (അഞ്ച് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപ) അനുവദിച്ച് ഉത്തരവാകുന്നു.

5) മേൽ പ്രകാരമുള്ള ആവശ്യത്തിലേയ്ക്കായി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27ഡി വകുപ്പ് പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് പ്രാഥമികമായി 10 കോടി രൂപ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും

ധനകാര്യ വകുപ്പ്

നിയമ വകുപ്പ് (10.02.2022-ലെ Exp-A1/62/2022 കുറിപ്പ് പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.

ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Kadeeja A A**
**Date: 22-02-2022 15:36:46**

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്